എ3/1301/2019

ഗവ. ഐ.ടി.ഐ. പള്ളിക്കത്തോട്,
തീയതി:29/03/2021

**ലേലപരസ്യം**

വിഷയം:- പി.ടി.സി.എം ഗവ.ഐ.ടി.ഐ. പള്ളിക്കത്തോട് - കോമ്പൗണ്ടിൽ മുറിച്ചിട്ടിരിക്കുന്ന രണ്ട് വാകമരങ്ങളും അവയുടെ വിറകും പരസ്യമായി ലേലം ചെയ്ത് വിൽക്കുന്നത്-സംബന്ധിച്ച്.

സൂചന:-
1. അഡീഷണൽ ഡയറക്ടറുടെ 28/12/2016-ലെ ഇ5/31280/2016-ാം നമ്പർ ഉത്തരവ്.
2. ട്രെയിനിംഗ് ഡയറക്ടറുടെ 01/03/2020-ലെഇ5/31280/2016 നമ്പർ കത്ത്.

പള്ളിക്കത്തോട് പി.റ്റി.സി.എം. ഗവൺമെന്റ് ഐ.ടി.ഐ. കോമ്പൗണ്ടിൽ അപകടകരമായ അവസ്ഥയിൽ നിന്നിരുന്നതിനാൽ സൂചന (2) പ്രകാരം മുറിച്ചിട്ടിരിക്കുന്ന രണ്ട് വാകമരങ്ങളും അവയുടെ വിറകും **09/04/2021 തീയതി 2.30 പി.എം.-ന്** പരസ്യലേലം/ടെൻഡർ മുഖേന വിൽക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാനാഗ്രഹിക്കുന്നവർ 750/- (എഴുനൂറ്റി അൻപത് രൂപ മാത്രം) രൂപ നിരത ദ്രവ്യമായി ടി ദിവസം **2.30 പി.എം.-ന്** മുമ്പ് ആഫീസിൽ അടയ്ക്കേണ്ടതാണ്. ലേലം കൊണ്ട വ്യക്തി താഴെ കാണിച്ചിട്ടുള്ള നിരക്കിൽ വിവിധ നികുതികൾ ഉറപ്പിച്ച തുകയ്ക്ക് മേൽ അധികമായി അന്നേ ദിവസം **5.00 പി.എം**-ന് മുമ്പ് തന്നെ ആഫീസിൽ മുഴുവൻ തുകയും അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.

ലേലം ഉറപ്പിച്ച വ്യക്തി തന്റെ സ്വന്തം ചെലവിൽ സർക്കാർ വക ജംഗമ സ്ഥാവര വസ്തുക്കൾക്ക് നാശനഷ്ടം വരുത്താതെ **7** ദിവസത്തിനകം തടിയും വിറകും കോമ്പൗണ്ടിൽ നിന്നും നീക്കേണ്ടതാണ്. കേരള സർക്കാരിന്റെ മറ്റു ലേല നടപടിക്രമങ്ങളും ചട്ടങ്ങളും ഈ ലേലത്തിന് ബാധകമായിരിക്കും.

മുദ്രവെച്ച ടെൻഡർ മുഖേന ലേലത്തിൽ പങ്കെടുക്കുന്നവർക്കും പരസ്യ ലേലത്തിൽ പങ്കെടുക്കുവാൻ അർഹതയുണ്ടായിരിക്കും. പരസ്യലേലത്തിനുശേഷം മുദ്രവെച്ച കവറുകൾ തുറക്കുന്നതും ഏറ്റവും കൂടുതൽ തുക ക്വോട്ട ചെയ്തിരിക്കുന്നതോ/വിളിച്ചിരിക്കുന്നതോ ആയ വ്യക്തിക്ക് ലേലം സ്ഥിരപ്പെടുത്തി നൽകുന്നതാണ്. യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം റദ്ദു ചെയ്യുവാനോ മാറ്റി വെയ്ക്കാനോ ഉള്ള അധികാരം താഴെ ഒപ്പിട്ട വ്യക്തിയിൽ നിക്ഷിപ്തമാണ്. (ലേലത്തിൽ പങ്കെടുക്കുന്നവർ ഏതെങ്കിലും തിരിച്ചറിയൽ രേഖകൾ കൂടി ഹാജരാക്കേണ്ടതാണ്)

P.T. CHACKO MEMO. GOVT. INDUSTRIAL TRAINING INSTITUTE KOTTAYAM - 686 503 PALLICKATHODU

പ്രിൻസിപ്പാൾ

Principal
P.T.C.M. Govt. Industrial Training Institute
Pallickathodu, Kottayam - 686 503

ലേലം കൊണ്ട തുക / ക്വോട്ട് ചെയ്ത തുകയ്ക്ക് പുറമേയുള്ള നികുതികൾ

1. ജി.എസ്.റ്റി. - 18%
2. വനവികസന നികുതി - 5% (ലേലം കൊണ്ട തുക /ക്വോട്ട് ചെയ്ത തുകയുടെയും 18% ജി.എസ്.റ്റി. യുടേയും തുകയിൻമേൽ)
3. പ്രളയ സെസ് -1% ((ലേലം കൊണ്ട തുക /ക്വോട്ട് ചെയ്ത തുകയുടെയും 18% ജി.എസ്.റ്റി. യുടേയും 5% വനവികസന നികുതിയുടേയും ആകെ തുകയിൻമേൽ)